പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2755 — 27.01.2014 -ൽ മറുപടിക്ക്.

അന്യസംസ്ഥാന തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. കെ. ബാലൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്നതിന് കരാർകാർക്കോ, വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ സംസ്ഥാനത്തിന്റെ എന്തെങ്കിലും അനുവാദമോ, ലൈസൻസോ ആവശ്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) 1979- ലെ ഇൻറർസ്റ്റേറ്റ് മൈഗ്രൻറ് വർക്കേഴ്സ് ആക്റ്റ്, കേരള ചട്ടങ്ങൾ പ്രകാരം അഞ്ചോ അതിൽകൂടുതൽ തൊഴിലാളികളെ അന്യസംസ്ഥാനത്ത് നിന്നും റിക്രൂട്ട് ചെയ്യുന്ന തൊഴിലുടമകൾ രജിസ്ട്രേഷനും കരാറുകാർ ലൈസൻസും എടുക്കേണ്ടതാണ്. കരാറുകാർ മുഖേന ഈ സംസ്ഥാനത്ത് എത്തുന്നവർക്കാണ് ഈ വ്യവസ്ഥകൾ ബാധകമാക്കിയിട്ടുള്ളത്. നിലവിൽ ബഹുഭൂരിപക്ഷം തൊഴിലാളികളും കോൺട്രാക്ടർമാരില്ലാതെ നേരിട്ടു വരുന്നതിനാൽ വളരെ കുറച്ചു കോൺട്രാക്ടർമാരും ഉടമകളും മാത്രമേ തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളു. 2013-ൽ ആകെ 909 രജിസ്ട്രേഷനും 2 ലൈസൻസും നൽകിയിട്ടുണ്ട്. |
| (ബി) അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് കരാറുകാരുടെയും ഏജൻറുമാരുടെയും വിവിധ ചൂഷണങ്ങൾക്ക് ഇരയാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) അന്യസംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനാ വേളകളിൽ ഇവർക്ക് നിയമാനുസൃതമായ എല്ലാ പരിരക്ഷയും തൊഴിലുടമയിൽ നിന്നും ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ പരിശ്രമിക്കുന്നുണ്ട്. നിയമലംഘനം നടത്തുന്ന ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലായി പണിയെടുക്കുന്ന സൈറ്റുകളിലും ഇവർ കൂട്ടം ചേരുന്ന സ്ഥലങ്ങളിലും തൊഴിലാളികൾക്ക് ലഭിക്കേണ്ട നിയമപരമായ അവകാശങ്ങളെ സംബന്ധിച്ച ലഘുരേഖകൾ വിതരണം ചെയ്യുവാനും ഫ്ളക്സ് ബോർഡുകൾ വയ്ക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ.

സെക്ഷൻ ഓഫീസർ